# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 130 09/03/2015-ൽ മറുപടിയ്ക്ക്**

## സംയോജിത മത്സ്യഗ്രാമവികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. എൻ. പ്രതാപൻ:<br>ശ്രീ. വി. പി. സജീന്ദ്രൻ:<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരെഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 57 മത്സ്യഗ്രാമങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) സംയോജിത മത്സ്യഗ്രാമ വികസനപദ്ധതിയിലുൾപ്പെടുത്തി വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരെഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ 2 കോടി രൂപ അടങ്കൽ തുകയിൽ പ്രധാനമായും കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) എത്ര മത്സ്യഗ്രാമങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; | (സി) വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരെഞ്ഞെടുത്ത 57 മത്സ്യഗ്രാമങ്ങളിലാണ് സംയോജിത മത്സ്യഗ്രാമ വികസനപദ്ധതി നടപ്പിലാക്കുന്നത്. 2012-13 സാമ്പത്തിക വർഷത്തിൽ 25 മത്സ്യഗ്രാമങ്ങളിലും 2013-14 സാമ്പത്തിക വർഷത്തിൽ 20 മത്സ്യഗ്രാമങ്ങളിലും 2014-15 സാമ്പത്തിക വർഷത്തിൽ 12 മത്സ്യഗ്രാമങ്ങളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | 57 മത്സ്യഗ്രാമങ്ങളിലായി കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| കുടിവെള്ള വിതരണം (57 എണ്ണം) | - 51.39 കോടി രൂപ |
| വൈദ്യുതീകരണം (57 എണ്ണം) | - 23.03 കോടി രൂപ |
| സാനിട്ടേഷൻ (20 പബ്ലിക് ടോയ്‌ലറ്റ്, 3525 വ്യക്തിഗത ടോയ്‌ലറ്റുകൾ) | - 11.58 കോടി രൂപ |
| ലൈബ്രറി സഹായം (32 എണ്ണം) | - 8.99 കോടി രൂപ |
| ഹൈമാസ്റ്റ് ലൈറ്റുകൾ (104 എണ്ണം) | - 7.79 കോടി രൂപ |
| ജീവനോപാധി സഹായം (1 മത്സ്യമാർക്കറ്റ്, 1862 വള്ളവും വലയും) | - 8.90 കോടി രൂപ |

**സെക്ഷൻ ആഫീസർ**